# Desabhumani

## 21 August 2018

## Kozhikode; after Flood, Increase in Useage of Bleching Powder

# വേണ്ടത് ടൺകണക്കിന് ബ്ലീച്ചിങ് പൗഡർ

**കേരളത്തിൽ ഉൽപാദനമില്ലാത്തതിനാൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുകയേ വഴിയുള്ളൂ. പല സ്റ്റോക്കിസ്റ്റുകളും കമ്പനികളുമായി ബന്ധപ്പെടുന്നുണ്ടെങ്കിലും അത് സംസ്ഥാനത്തെത്താൻ ദിവസങ്ങളെടുക്കും. ഇങ്ങനെ എത്തുന്നവയാകട്ടെ ആവശ്യത്തേക്കാൾ എത്രയോ കുറവുമാകും. സർക്കാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്തിയിട്ടുണ്ട്**

**പ്രത്യേക ലേഖകൻ**

**കോഴിക്കോട്**

പ്രളയക്കെടുതിയിൽ അകപ്പെട്ട കേരളത്തെ ശുദ്ധീകരിക്കാൻ ഇനി വേണ്ടത് ടൺ കണക്കിന് ബ്ലീച്ചിങ് പൗഡർ. പൊതുവെ ആവശ്യക്കാർ കുറവായിരുന്ന ഇതിനായി ജനങ്ങൾ ഇപ്പോൾ പരക്കം പായുന്നു. ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്ന ലക്ഷങ്ങൾ വീടുകളിലേക്കെത്തുന്നതോടെ ഇതിന്റെ ആവശ്യം പതിന്മടങ്ങ് വർധിക്കും. കേരളത്തിൽ ഉൽപാദനമില്ലാത്തതിനാൽ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുകയേ വഴിയുള്ളൂ. പല സ്റ്റോക്കിസ്റ്റുകളും കമ്പനികളുമായി ബന്ധപ്പെടുന്നുണ്ടെങ്കിലും അത് സംസ്ഥാനത്തെത്താൻ ദിവസങ്ങളെടുക്കും. ഇങ്ങനെ എത്തുന്നവയാകട്ടെ ആവശ്യത്തേക്കാൾ എത്രയോ കുറവുമാകും. സർക്കാർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധചെലുത്തിയിട്ടുണ്ട്.

ചുരുങ്ങിയത് രണ്ട് ലക്ഷം വീടുകളിലെങ്കിലും പ്രളയജലം എത്തിയിട്ടുണ്ട്. കിണറുകളെല്ലാം ശുദ്ധീകരിക്കാതെ ഇനി ഉപയോഗിക്കാനാവില്ല. ഒരു പടവ് വെള്ളത്തിന് ഒരു തീപ്പെട്ടിക്കൂട് ബ്ലീച്ചിങ് പൗഡർ എന്ന കണക്കിൽ ഇടവിട്ട ദിവസങ്ങളിൽ ഉപയോഗിക്കണം. ഇതിന് പുറമേ വീടിനകത്തും മറ്റും ഇതിന്റെ ലായനി ഉപയോഗിക്കണമെന്നാണ് ആരോഗ്യ വിഭാഗത്തിന്റെ നിർദേശം. ഇതിനെല്ലാമായി ഏറ്റവും ചുരുങ്ങിയത് 500 ഗ്രാം പൗഡർ ഒരു വീടിന് വേണ്ടി വരും. ഇങ്ങനെ കണക്കാക്കിയാൽ കേരളത്തിൽ അടിയന്തരമായി ഒരു ലക്ഷം ടൺ ബ്ലീച്ചിങ് പൗഡർ എത്തണം.

യുപി, രാജസ്ഥാൻ, ഗുജറാത്ത്, കർണാടക തുടങ്ങിയ സംസ്ഥാനങ്ങളിലാണ് ബ്ലീച്ചിങ് പൗഡർ ഉല്പാദനമുള്ളത്. കേരളത്തിലെ പ്രമുഖ നഗരങ്ങളിൽ പോലും രണ്ടോ മൂന്നോ വിതരണക്കാരെയുള്ളൂ. 25 ടണ്ണിൽ കൂടുതൽ ഇവർ സ്റ്റോക്ക് ചെയ്യാറുമില്ല. രണ്ടോ മൂന്നോ മാസത്തിൽ കൂടുതൽ സൂക്ഷിച്ചാൽ ഇവ രാസപ്രക്രിയക്ക് വിധേയമായി കവർ പൊട്ടി ചീത്തയാകും. ചെമ്മീൻ കൊള്ളിലേക്കാണ് സാധാരണ കൂടുതൽ ആവശ്യക്കാർ ഉള്ളത്. അതിനാൽ ആവശ്യമനുസരിച്ച് കമ്പനിയിൽ നിന്ന് വരുത്തുകയാണ് മിക്ക കച്ചവടക്കാരുടെയും രീതി.

കോർപ്പറേഷൻ, നഗരസഭകൾ തുടങ്ങിയ തദ്ദേശ സ്ഥാപനങ്ങൾ ടെൻഡർ വിളിച്ച് ആവശ്യത്തിനനുസരിച്ച് വാങ്ങുകയാണ് പതിവ്. ഇതും കുറഞ്ഞ അളവിൽ ഇടക്കിടെ വരുത്തും. ആരോഗ്യ വകുപ്പിനായി പൗഡർ വാങ്ങുന്ന കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡും (കെഎംഎസ്സിഎൽ) വൻ തോതിൽ കൈവശം വയ്ക്കാറില്ല.

ശുചീകരണത്തിനുപയോഗിക്കുന്ന സോഡിയം ഹൈപ്പൊ ക്ലോറൈറ്റ് ലായനി എറണാകുളത്തെ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്(ടിസിസി) ഉൽപാദിപ്പിക്കുന്നുണ്ട്. എന്നാലിത് കുടിവെള്ളത്തിലോ വീടിനകത്തോ ഉപയോഗിക്കാൻ പാടില്ല. വെള്ളം കെട്ടിക്കിടക്കുന്ന ഓടകൾ, പറമ്പുകൾ എന്നിവയിൽ തളിക്കാനേ പാടുള്ളൂ. എങ്കിലും ഇവ ഇപ്പോഴത്തെ സാഹചര്യത്തിൽ വൻ തോതിൽ ഉപയോഗിക്കാനാവും. കൊച്ചിയിലും പരിസരത്തുമുള്ള തദ്ദേശ സ്ഥാപനങ്ങളും ജനകീയ കമ്മിറ്റികളും കഴിഞ്ഞദിവസങ്ങളിൽ ഇത് വൻ തോതിൽ കൊണ്ടുപോകുന്നുണ്ട്. ഈ രീതി മറ്റ് ജില്ലകൾക്കും ഉപയോഗപ്പെടുത്താം.